**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 198

18.06.2013-ലെ മറുപടിയ്ക്ക്

# കൺസ്യൂമർഫെഡിൽ ഇടനിലക്കാരെ ഒഴിവാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>,, ഇ.പി.ജയരാജൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങുന്നതിന് ഇടനിലക്കാരെ ഉപയോഗപ്പെടുത്താറുണ്ടോ; | (എ) ഉണ്ട്. സാധനങ്ങൾ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കുക എന്നതാണ് കൺസ്യൂമർഫെഡ് സ്വീകരിച്ചു വരുന്ന മാനദണ്ഡം. എന്നാൽ ഇത് പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുമ്പോൾ രജിസ്ട്രേഷൻ, സെയിൽസ് ടാക്സ് തുടങ്ങിയ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കുന്ന ഉൽപ്പാദകരുടെ സംസ്ഥാനത്തെ അംഗീകൃത വിതരണക്കാരിൽ നിന്നും സാധനങ്ങൾ വാങ്ങുന്നുണ്ട്. പ്രമുഖ പത്രങ്ങൾ, വെബ്സൈറ്റ് എന്നിവയിലൂടെ പരസ്യം നൽകി ക്വട്ടേഷൻ സ്വീകരിച്ച് സപ്ലയർമാരുമായി നെഗോഷ്യേറ്റ് ചെയ്ത് സാധനങ്ങൾ സംഭരിക്കുക എന്നതാണ് ഇത്തരം സാഹചര്യങ്ങളിൽ പാലിക്കുന്ന നടപടിക്രമം. |

| | |
|---|---|
| (ബി) കൺസ്യൂമർഫെഡ് ഇടനിലക്കാർ വഴി ആന്ധ്രയിൽ നിന്നും അരി വാങ്ങുന്നതു മൂലം പൊതുവിപണിയിൽ വില നിയന്ത്രിക്കുവാൻ സാധിക്കാതെ വന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇടനിലക്കാർ വഴി ഗുണനിലവാരം കുറഞ്ഞ അരിയാണ് കൺസ്യൂമർഫെഡിന് ലഭിക്കുന്നതെന്ന വാർത്തകളെക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) പരിശോധിച്ചിട്ടുണ്ട്. മിക്കപ്പോഴും ആന്ധ്രയിലെ 60 മില്ലുകളിൽ നിന്നും നേരിട്ടാണ് വിൽപ്പനയ്ക്കാവശ്യമായ അരി കൺസ്യൂമർഫെഡ് വാങ്ങുന്നത്. വാഗൺ ലഭ്യത, ഉൽപ്പാദക, സംഭരണ കേന്ദ്രങ്ങളിൽ അരിയുടെ ലഭ്യത എന്നിവയുടെ കുറവ് മൂലം വാങ്ങുന്ന അരിയുടെ തോത് കുറയുന്ന സാഹചര്യത്തിലാണ് ഉപഭോക്താക്കളെ സഹായിക്കുന്നതിന് മറ്റ് സംവിധാനങ്ങൾ ഉപയോഗിച്ച് അരി വാങ്ങി വില്പന നടത്തുന്നത്. അരി വാങ്ങുന്നതിന് മുമ്പായി വാങ്ങുന്ന സാധനങ്ങളുടെ സാമ്പിൾ പർച്ചേസ് കമ്മിറ്റി സൂക്ഷ്മമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഗുണമേന്മ ഉറപ്പുവരുത്തുന്നത് സംബന്ധമായി കർശനമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ അരിയാണ് കൺസ്യൂമർഫെഡിന് ലഭിക്കുന്നത് എന്ന പരാമർശം വസ്തുതാപരമല്ല. |
| (ഡി) ആന്ധ്രയിലെ അരിമില്ലുകളിൽ നിന്നും നേരിട്ട് അരി വാങ്ങിയാൽ കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള അരി ലഭ്യമാക്കാൻ സാധിക്കുമോ; | (ഡി) ആന്ധ്രയിൽ നിന്നും ഗുണമേന്മയുള്ള അരി മാത്രമാണ് കൺസ്യൂമർഫെഡ് വാങ്ങി വിൽപ്പന നടത്തുന്നത്. ഇപ്പോൾ തന്നെ വാങ്ങുന്ന അരിയുടെ 75% ൽ അധികം ആന്ധ്രയിലെ 60 മില്ലുകളിൽ നിന്നും നേരിട്ടാണ് ലഭ്യമാക്കുന്നത്. ടി |

വ്യക്തമാക്കുമോ;

മില്ലുടമകൾക്ക് മുൻകൂറായോ, വാങ്ങുന്ന സമയത്തു തന്നെ രൊക്കമായോ വില നിൽകുന്നതിനുള്ള സാമ്പത്തിക ശേഷി കൺസ്യൂമർഫെഡറേഷന് ഇല്ല. അപ്രകാരം തുക നല്കിയാൽ മാത്രം ഇപ്പോൾ ലഭിക്കുന്നതിലും കുറഞ്ഞവിലയ്ക്ക് അരി ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

(ഇ) എങ്കിൽ നേരിട്ട് അരി വാങ്ങാതെ ഇടനിലക്കാരെ ആശ്രയിക്കുന്നതിന്റെ കാരണമെന്ത്; വെളിപ്പെടുത്തുമോ;

(ഇ) കഴിവിന്റെ പരമാവധി ആന്ധ്രയിലെ മില്ലുകളിൽ നിന്നും നേരിട്ടാണ് കൺസ്യൂമർ ഫെഡറേഷൻ അരി വാങ്ങി വരുന്നത്. എന്നാൽ വാഗൺ ദൗർലഭ്യം മൂലം സംസ്ഥാനത്തേക്ക് അരി എത്തിക്കുവാൻ സാധിക്കാതെ വരികയോ സാമ്പത്തിക പരിമിതികൾ മൂലം അരി വില രൊക്കമായി നൽകുവാൻ കൺസ്യൂമർ ഫെഡറേഷന് കഴിയാതെ വരികയോ, മില്ലുടമകൾ അരി കടമായി നൽകാൻ വിസമ്മതിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് അംഗീകൃത വിതരണക്കാർ കടമായി നൽകുന്ന അരി വാങ്ങേണ്ടിവരുന്നത്.

(എഫ്) പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ തരത്തിൽ കൺസ്യൂമർഫെഡ് വഴി സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എഫ്) കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘംങ്ങൾ നടത്തുന്നവയുമായ നന്മസ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തി സംസ്ഥാനത്തെ പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിൽ ഫെഡറേഷൻ നിർണ്ണായക പങ്ക് വഹിച്ചു. കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ കൺസ്യൂമർ ഫെഡിന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിക്കുകയും

ശക്തമാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണികൾ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് 7 ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ച് നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ വിൽപ്പന നടത്തിവരുന്നു. മലബാർ പ്രദേശത്ത് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന 3 ഫ്ലോട്ടിംഗ് ത്രിവേണികളുടെ പണി പൂർത്തീകരിച്ചു വരുന്നു.

10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖാന്തിരവും നടത്തിവരുന്നു.

കൂടാതെ വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉൽസവകാലങ്ങളിൽ സഹകരണ മേഖലയുടെ കൂട്ടായ്മകളിലൂടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ